# കേരളസർവകലാശാല

നം.പി.ആർ.200/2023 തിരുവനന്തപുരം, തീയതി: 30/09/2023

## പത്രക്കുറിപ്പ്

### സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാല കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ നടത്തി വരുന്ന AICTE അംഗീകാരമുള്ള എം.ടെക്. കമ്പ്യൂട്ടർ സയൻസ് കോഴ്സിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപ്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി 2023 ഒക്ടോബർ 3 ന് രാവിലെ 10.30 ന് കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസ്സിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ ഹാജരാകേണ്ടതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് 2023 ജനുവരിയിൽ നടത്തിയ ബി.ടെക്. രണ്ടാം സെമസ്റ്റർ (റെഗുലർ – 2021 അഡ്മിഷൻ – 2020 സ്കീം)/ സപ്ലിമെന്ററി – 2020 അഡ്മിഷൻ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2023 ഒക്ടോബർ 9 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ എം.എ. തമിഴ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ (2021-2023) സി.എസ്.എസ്. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 ജൂലൈയിൽ വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ ബി.വോക്ക്. സോഫ്ട്വെയർ ഡെവലപ്മെന്റ് (351) കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം 2023 ഒക്ടോബർ 16, 17, 18 & 19 തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ – പരീക്ഷാത്തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2023 ഒക്ടോബർ 13 ന് പന്തളം എൻ.എസ്.എസ്. കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. ബയോകെമിസ്ട്രി (കോർ) പ്രാക്ടിക്കൽ പരീക്ഷകൾ 2023 ഒക്ടോബർ 12 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. സമയക്രമത്തിൽ മാറ്റമില്ല.

## പിഎച്ച്.ഡി കോഴ്സ് വർക്ക് - അപേക്ഷാത്തീയതി നീട്ടി

കേരളസർവകലാശാലയുടെ 2022 ഡിസംബർ സെഷൻ പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് 2023 ജൂലൈ സെഷനിലേക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 2023 ഒക്ടോബർ 25 വരെ നീട്ടിയിരിക്കുന്നു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries[helpdesk@keralauniversity.ac.in](mailto:helpdesk@keralauniversity.ac.in)
**website:** [www.keralauniversity.ac.in](http://www.keralauniversity.ac.in)

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**